ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ഇന്ന് പാർലമെൻറിൽ തുടക്കം. മഹാകുംഭമേളയിലെ അപകടം സംബന്ധിച്ച് ഇരുസഭകളിലും പ്രതിപക്ഷ ബഹളം.

Discussion on the President's Policy Address Begins in Parliament Today; Opposition Outcry in Both Houses Over Mahakumbh Mela Accident.

2). പാർലമെൻറിൽ വിശ്വാസമർപ്പിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക ഓരോ അംഗത്തിൻറെയും ഉത്തരവാദിത്തമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

Vice President Jagdeep Dhankhar says, It is Every Member's Responsibility to Work for the Welfare of the People.

3). ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. എക്സിറ്റ് പോളിന് വിലക്ക് ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ.

Delhi Assembly Election Campaign Ends Today; Election Commission Imposes Ban on Exit Polls.

4). മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. മൂന്നാമത്തെ അമൃത സ്നാനത്തിനായി ബസന്ത് പഞ്ചമി ദിനത്തിൽ വൻ ഭക്തജന പ്രവാഹം.

Supreme Court to Hear Public Interest Petition on Ensuring Devotee Safety at Maha Kumbh Mela; Massive Devotee Flow Expected for Third AmritSnan on Basant Panchami.

5). കേരളത്തിൽ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്.

30 Smart Anganwadis to be Inaugurated Across Kerala Today.

6). 67-ാമത് ഗ്രാമി അവാർഡുകൾ പ്രഖ്യാപിച്ചു. ഇന്ത്യൻ-അമേരിക്കൻ ഗായിക ചന്ദ്രിക ടണ്ടന് മികച്ച ന്യൂ ഏജ് ആൽബം വിഭാഗത്തിൽ പുരസ്കാരം.

67th Grammy Awards Announced; Indian-American Singer Chandrika Tandon Wins Award for Best New Age Album.

==================================================

## PAR-KUMBH

മഹാകുംഭ മേള വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പാർലമെൻറിൻറെ ഇരു സഭകളിലും പ്രതിപക്ഷ ബഹളം. കുംഭമേളയ്ക്കിടെ തിക്കിലും തിരക്കിലും ആളുകൾ മരിച്ചതുമായി ബന്ധപ്പെട്ടായിരുന്നു പ്രതിഷേധം രൂക്ഷമായത്. ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത രാഷ്ട്രപതി വിഷയം പരാമർശിച്ചതായി ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. രാജ്യസഭയിൽ കുംഭമേള ഉൾപ്പടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ പാർട്ടികൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസിന് ചെയർമാൻ ജഗ്ദീപ് ധൻഖർ അനുമതി നിഷേധിച്ചു. കോൺഗ്രസ്, സമാജ്‌വാദി പാർട്ടി, ശിവസേന - യുബിടി വിഭാഗം, ആർജെഡി തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

==================================================

## PARL - MOTION OF THANKS

രാഷ്ട്രപതിയുടെ പാർലമെൻറിലെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ഇരുസഭകളിലും ഇന്ന് തുടക്കം. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബാങ്കിങ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെൻറിൽ ചർച്ചയ്ക്കെടുക്കും.

ജനുവരി 31 ന് ആരംഭിച്ച പാർലമെൻറിൻറെ  ബജറ്റ് സമ്മേളനം ഏപ്രിൽ 4 വരെ തുടരും.

=====================================================

## VICE PRESIDENT – (INTRO)

പാർലമെൻറിൽ  വിശ്വാസമർപ്പിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുക എന്നത് ഓരോ അംഗത്തിൻറെയും ഉത്തരവാദിത്തമാണെന്ന് രാജ്യസഭാ ചെയർമാൻ കൂടിയായ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. അംഗങ്ങളുടെ പെരുമാറ്റം മാതൃകാപരമാകണമെന്നും അദ്ദേഹം സഭയിൽ വ്യക്തമാക്കി.

**(BYTE…………..)**

=====================================================

## SC–MAHA KUMBH

മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. കഴിഞ്ഞ ബുധനാഴ്ച, തിക്കിലും തിരക്കിലും 30 ഓളം പേർ മരിക്കുകയും അറുപതിലേറെ പേർക്ക് പരിക്കേൽക്കും ചെയ്തിരുന്നു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുക.

=====================================================

## NEW. MAHAKUMBH – AMRIT SNAN

ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ മഹാകുംഭമേളയിലെ മൂന്നാമത്തെ അമൃത സ്നാനത്തിനായി ബസന്ത് പഞ്ചമി ദിനത്തിൽ ഭക്തജന പ്രവാഹം. മഹാകുംഭമേളയിലെ ഏറ്റവും പ്രധാനപ്പെട്ടതും പവിത്രവുമായ ആചാരമാണ് അമൃത സ്നാനം. ജനുവരി 14-ന് മകരസംക്രാന്തിയിലും ജനുവരി 29-ന് മൗനി അമാവാസിയിലും ആയിരുന്നു ആദ്യ രണ്ട് അമൃത് സ്നാനം നടന്നത്. ഇതുവരെ 35 കോടിയിലധികം പേർ പുണ്യസ്നാനം നടത്തിയെന്നാണ് കണക്കുകൾ.

=====================================================

## ISRO-NVS-02 SATELLITE-

NVS-02 ഉപഗ്രഹത്തെ നിർദിഷ്ട ഭ്രമണപഥത്തിൽ എത്തിക്കാനുള്ള ശ്രമങ്ങൾ പൂർണ വിജയമായില്ലെന്ന് ഐ.എസ്ആർ.ഒ. ഉപഗ്രഹത്തിലെ ത്രസ്റ്ററുകൾ പ്രവർത്തിക്കാത്തതിനെ തുടർന്നാണിത്. ജനുവരി 29 ന് വിക്ഷേപിച്ച NVS-02 ഉപഗ്രഹം ഇന്ത്യയുടെ ബഹിരാകാശ അധിഷ്ഠിത ഗതിനിർണയ സംവിധാനത്തിന് നിർണായകമാണ്. നിലവിൽ ഉപഗ്രഹം ഭൂമിയെ ചുറ്റുന്നത് ഗതിനിർണയ സംവിധാനത്തിന് അനുയോജ്യമല്ലാത്ത ഓർബിറ്റിലാണ്. എന്നാൽ നിലവിലുള്ള ഭ്രമണപഥത്തിൽ തന്നെ ഗതിനിർണയത്തിനായി ഉപഗ്രഹം ഉപയോഗിക്കുന്നതിനുള്ള മറ്റ് സാധ്യതകൾ പരിശോധിക്കുകയാണെന്ന് ഐ എസ് ആർ ഒ അറിയിച്ചു.

=====================================================

## SHASHI THAROOR - SUMMONS

കോൺഗ്രസ് നേതാവും എം പിയുമായ ശശി തരൂരിനെതിരെ ഡൽഹി ഹൈക്കോടതി സമൻസ് അയച്ചു. ബി ജെ പി നേതാവും മുൻ കേന്ദ്ര മന്ത്രിയുമായി രാജീവ് ചന്ദ്രശേഖർ നൽകിയ മാനനഷ്ടകേസിലാണ് ഉത്തരവ്. കേസ് ഏപ്രിൽ 28-ന് വീണ്ടും പരിഗണിക്കും. 2024 ലോക്സഭാ തിരഞ്ഞെടുപ്പിൽ ശ്രീ രാജീവ് ചന്ദ്രശേഖർ വോട്ടർമാർക്ക് പണം വാഗ്ദാനം ചെയ്തെന്നായിരുന്നു ശശി തരൂരിൻറെ ആരോപണം. ഇതിനെതിരെയാണ് ശ്രീ രാജീവ് ചന്ദ്രശേഖർ കോടതിയെ സമീപിച്ചത്.

=====================================================

## ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

=====================================================

**KERALA CM**

കേരളത്തിൽ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിക്കും.

ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ സംസ്ഥാനത്ത് യാഥാർത്ഥ്യമാകും.

=====================================================

**DELHI ASSEMBLY ELECTIONS – (INTRO)**

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. 70 അംഗ നിയമസഭയിലേക്ക് മറ്റെന്നാളാണ് വോട്ടെടുപ്പ്.

**വിശദാംശങ്ങളിലേക്ക്...**

**(VOICE...........)**

പരസ്യ പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്ന് പ്രതികൂല കാലാവസ്ഥയേയും അവഗണിച്ച് ഓരോ വോട്ടും ഉറപ്പിക്കാനുള്ള ശ്രമങ്ങളിലാണ് വിവിധ രാഷ്ട്രീയ പാർട്ടികൾ. സമ്മതിദായകരെ നേരിൽ കണ്ടും റോഡ് ഷോയിലും റാലിയിലും പങ്കെടുത്തും സ്ഥാനാർത്ഥികളോടൊപ്പം താരപ്രചാരകരും സജീവമാണ്. ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ ഇന്ന് ബുരാരിയിൽ പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്യും. മുതിർന്ന ബി ജെ പി നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ വിവിധ മണ്ഡലങ്ങളിൽ റാലികളിൽ പങ്കെടുക്കും. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാളും പഞ്ചാബ് മുഖ്യമന്ത്രി ഭാഗവന്ത് മാനും പ്രചാരത്തിനിറങ്ങും. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധിയും പ്രിയങ്ക ഗാന്ധിയും വിവിധ മണ്ഡലങ്ങളിൽ റാലികളിൽ പങ്കെടുക്കും. ആകെ 699 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

ന്യൂസ് ഡെസ്ക്, ആകാശവാണി...

=====================================================

## EC-EXIT POLL

ഡൽഹി നിയമസഭ തിരഞ്ഞെടുപ്പ്, ഉത്തർപ്രദേശ്, തമിഴ്നാട് ഉപതിരഞ്ഞെടുപ്പുകളിൽ എക്സിറ്റ് പോൾ വിലക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് ദിവസം രാവിലെ 7 മുതൽ വൈകിട്ട് 6.30 വരെയാണ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾ, വാർത്താ ഏജൻസികൾ എന്നിവയ്ക്ക് ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുൻപ് വരെ അഭിപ്രായ സർവ്വ ഫലം പ്രസിദ്ധീകരിക്കുന്നതിനും വിലക്ക് ബാധകമാണ്. ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിനൊപ്പം ഉത്തർപ്രദേശിലും തമിഴ്നാട്ടിലും ഓരോ നിയമസഭ സീറ്റുകളിലേക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. മറ്റന്നാൾ വോട്ടെടുപ്പും ശനിയാഴ്ച വോട്ടെണ്ണലും നടക്കും.

==================================================

## GRAMMY AWARDS

67-ാമത് ഗ്രാമി അവാർഡുകൾ പ്രഖ്യാപിച്ചു. ഇന്ത്യൻ-അമേരിക്കൻ ഗായികയും സംരംഭകയുമായ ചന്ദ്രിക ടണ്ടന് മികച്ച ന്യൂ ഏജ് ആൽബം വിഭാഗത്തിൽ ഗ്രാമി അവാർഡ്. 'ത്രിവേണി' എന്ന ആൽബത്തിനാണ് പുരസ്കാരം. ഷോർട്ട് ആന്റ് സ്വീറ്റ് എന്ന ആൽബത്തിന് സബ്രീന കാർപെന്റർ തന്റെ ആദ്യ ഗ്രാമി പുരസ്കാരം നേടി. മികച്ച റോക്ക് പെർഫോമൻസിനുള്ള പുരസ്കാരം ദി ബീറ്റിൽസ് സ്വന്തമാക്കി. മികച്ച കൺട്രി ആൽബത്തിനുള്ള പുരസ്കാരം ബിയോൺസെയുടെ കൗബോയ് കാർട്ടറിന് ലഭിച്ചു. 11 നോമിനേഷനുകളാണ് ഇത്തവണ ബിയോൺസെയ് നേടിയത്. ഇതോടെ ഗ്രാമി ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ നാമനിർദേശം ചെയ്യപ്പെട്ട കലാകാരിയായി അവർ മാറി.

==================================================

## CANADA-MAXICO-TARRIFFS

ഇറക്കുമതി തീരുവ വർധിപ്പിക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ തീരുമാനത്തിന് തിരിച്ചടിയുമായി കാനഡയും മെക്സിക്കോയും. യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന 30 ബില്യൺ യുഎസ് ഡോളറിൻറെ ചരക്കുകൾക്ക് 25 ശതമാനം തീരുവ ചുമത്താൻ കാനഡ തീരുമാനിച്ചു. അധിക ഇറക്കുമതി തീരുവ ചുമത്തുമെന്ന് മെക്സിക്കോയും പ്രഖ്യാപിച്ചു.

==================================================

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. കർണാടക രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം പട്ടികയിൽ പത്താമതാണ്. വനിതകളുടെ വാട്ടർ പോളോ ഇനത്തിൽ കേരളം ഫൈനലിൽ കടന്നു. നീന്തലിൽ 4x100 മീറ്റർ ഫ്രീ സ്റ്റൈൽ റിലേയിലും കേരളം ഫൈനലിൽ എത്തി.

==================================================

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ ഇടിവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 523 പോയിന്റ് ഇടിഞ്ഞ് 76,983 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 202 പോയിൻറ് നഷ്ടത്തിൽ 23,282 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 61,640 രൂപയും ഗ്രാമിന് 7,705 രൂപയുമാണ് ഇന്നത്തെ വില.

==================================================

## TATA STEEL MASTERS CHESS

ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് ചെസ്സ് കിരീടം, ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്. നിലവിലെ ലോകചാമ്പ്യൻ ഡി.ഗുകേഷിനെ പരാജയപ്പെടുത്തിയാണ് പ്രഗ്നനന്ദയുടെ നേട്ടം.

==================================================

**FOOTBALL-INDIAN SUPER LEAGUE**

ഐഎസ്എൽ ഫുട്ബോളിൽ, ജംഷഡ്പൂർ ഫുട്ബോൾ ക്ലബ് ഗോവയെ 3-1 ന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ പോയിൻറ് പട്ടികയിൽ ഗോവയെ പിന്തള്ളി ജംഷഡ്പൂർ F C രണ്ടാം സ്ഥാനത്തെത്തി. നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഇന്ന് ഒഡിഷയെ നേരിടും.

======================================================

**M B RAJESH**

ബ്രഹ്മപുരം മാലിന്യ പ്ലാൻ്റിലുണ്ടായ അപകടം സംസ്ഥാനത്തെ മാലിന്യമുക്തമാക്കാനുള്ള അവസരമായി സർക്കാർ മാറ്റിയെന്ന് മന്ത്രി എം.ബി.രാജേഷ്. ഇതിന് തുടർച്ചയായി മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള സമഗ്ര കർമ പദ്ധതി സർക്കാർ രൂപീകരിച്ചു. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിൻറെ അവസാന ഘട്ടത്തിലാണ് സംസ്ഥാനമെന്നും അദ്ദേഹം പറഞ്ഞു. ബ്രഹ്മപുരം ബയോമൈനിങ് പ്ലാൻറ് സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

======================================================

**പ്രധാന വാർത്തകൾ വീണ്ടും....**

**1). രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പാർലമെൻറിൽ ഇന്ന് തുടക്കം. മഹാകുംഭമേളയിലെ അപകടം. സംബന്ധിച്ച് ഇരുസഭകളിലും പ്രതിപക്ഷ ബഹളം.**

**2). പാർലമെൻറിൽ വിശ്വാസമർപ്പിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക ഓരോ അംഗത്തിൻറെയും ഉത്തരവാദിത്തമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.**

3). ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. എക്സിറ്റ് പോളിന് വിലക്ക് ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ.

4). മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. മൂന്നാമത്തെ അമൃത സ്നാനത്തിനായി ബസന്ത് പഞ്ചമി ദിനത്തിൽ വൻ ഭക്തജന പ്രവാഹം.

5). കേരളത്തിൽ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്.

6). <u>67-ാമത് </u>ഗ്രാമി അവാർഡുകൾ പ്രഖ്യാപിച്ചു. ഇന്ത്യൻ-അമേരിക്കൻ ഗായിക ചന്ദ്രിക ടണ്ടന് മികച്ച ന്യൂ ഏജ് ആൽബം വിഭാഗത്തിൽ പുരസ്കാരം.

**വാർത്തകൾ കഴിഞ്ഞു...**

**അടുത്ത വാർത്താ പ്രക്ഷേപണം വൈകുന്നേരം 6.30 ന്...**

================

====================================

=====================================================